# SYRO MALABAR YOUTH MOVEMENT (SMYM)

Mount St. Thomas, Kakkanad P.O,682030, P.B No:10,
email: smymglobal @ gmail.com, www.smymglobal.org,Ph:9495868584

**Mar Joseph Pandarasseril** Chairman, Commission for Youth | **Mar Ephrem Nariculam** Commission Member | **Mar Jose Puthenveettil** Commission Member


തിയതി :7/10/2017

സ്ഥലം :കാക്കനാട്

**സ്നേഹ ബഹുമാനപ്പെട്ട അച്ചാ, സിസ്റ്റർ, സുഹൃത്തേ**

സീറോ മലബാർ യൂത്ത് മൂവ്മെന്റിന്റെ (SMYM) ഓഫീസിൽ നിന്നും സ്നേഹാന്വേഷണങ്ങൾ!

പാറമടയിൽനിന്നും പത്രോസിന്റെ സിംഹാസനത്തിലേക്ക് പടി ചവിട്ടിക്കയറിയ, യുവജനങ്ങളുടെ പാപ്പ എന്ന് ലോകം വാഴ്ത്തിയ, മഹാനായ ജോൺപോൾ പാപ്പയെയാണല്ലോ സീറോ മലബാർ യുവജനങ്ങളുടെ സ്വർഗ്ഗീയ മധ്യസ്ഥനായി നാം സ്വീകരിച്ചിരിക്കുന്നത്. പാപ്പയുടെ തിരുനാൾ ദിനമാണല്ലോ ഒക്ടോബർ 22.

കത്തോലിക്കാ സഭയുടെ കുടക്കീഴിൽ ലോകമാസകലമുള്ള യുവജനങ്ങളെ ആദ്യമായി ഒരുമിച്ചു കൂട്ടിയതും ലോകയുവജന സമ്മേളനങ്ങൾക്ക് തുടക്കം കുറിച്ചതും, ദാരിദ്രവും കഷ്ടപ്പാടും ഒറ്റപ്പെടലും മാനസികവ്യഥകളും കൗമാരപ്രായത്തിൽ തന്നെ അനുഭവിച്ചറിഞ്ഞ ഈ പാപ്പയാണല്ലോ. 21-ാം വയസ്സിൽ സ്വന്തമായതെല്ലാം നഷ്ടപ്പെട്ട് ജീവിതത്തിൽ ഏകനായിപ്പോയ യുവാവ് ഫിനിക്സ് പക്ഷിയെപ്പോലെ ഉയിർത്തെഴുന്നേറ്റതിന്റെ ജ്വലിക്കുന്ന ഓർമ്മ ലോകമാസകലമുള്ള യുവാക്കൾക്ക് നല്കുന്ന അതിജീവനത്തിന്റെ പ്രചോദനം തീവ്രവും തീക്ഷ്ണവുമാണല്ലോ.

സ്നേഹിതരെ, നമുക്കും മഹാനായ പാപ്പായെ ഓർക്കാം. *<u>ഇനി മുതൽ ഈ ദിവസം സീറോ മലബാർ സഭയിലെ യുവജനദിനമായി നമുക്ക് ആചരിച്ചു തുടങ്ങാം;</u>*നമ്മുടെ യുവജനശുശ്രൂഷയുടെ മദ്ധ്യസ്ഥരായി കാലങ്ങളായി നാം വണങ്ങിയിരുന്ന മറ്റെല്ലാ വിശുദ്ധരോടും കൂടെ.

നമ്മളാൽ സാധ്യമായവിധം ഒക്ടോബർ 22-ാംതീയതി സീറോ മലബാർ യുവജനദിനമായി ആചരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു. അന്നേ ദിവസം വി.കുർബാന മധ്യേ ജോൺ പോൾ പാപ്പായെ അനുസ്മരിക്കുകയും പാപ്പായുടെ ചിത്രത്തിനുമുമ്പിൽ ഹാരാർപ്പണം നടത്തി *'പ്രതിസന്ധികളിൽ തളരാതെ മുന്നോട്ട്'* എന്ന ആശയത്തെ മുൻനിറുത്തി പരിപാടികൾ ആവിഷ്ക്കരിക്കുകയും ചെയ്യുന്നത് നല്ലതായിരിക്കും.

പ്രാർത്ഥനയും സഹായ സഹകരണങ്ങളും അഭ്യർത്ഥിച്ചുകൊണ്ട്

യുവാവായ ക്രിസ്തുവിന്റെ അഭിവാദനത്തോടെ

ഫാ. ജോസഫ് ആലഞ്ചേരി
സെക്രട്ടറി യൂത്ത് കമ്മീഷൻ
ഡയറക്ടർ എസ്.എം.വൈ.എം